കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി
KERALA STATE LITERACY MISSION AUTHORITY
(GENERAL EDUCATION DEPARTMENT, GOVERNMENT OF KERALA)
T.C. No.27/1461, Convent Road, Kammattam Lane, Vanchiyoor, Thiruvananthapuram-35
Phone: 0471-2472253,2472254, Fax : 0471-2462252, E-mail: stateliteracymission@gmail.com

തീയതി: 26.03.2018

**ജയിലിൽ ആദ്യമായി സാക്ഷരതാമിഷന്റെ പഠനകേന്ദ്രം**

# ഇനി സൗകര്യമില്ലെന്ന പരാതി വേണ്ട; തടുവുകാർക്ക് ഇഷ്ടം പോലെ പഠിക്കാം

തിരുവനന്തപുരം: തടവുകാർക്കിനി പഠനത്തിന് സൗകര്യമില്ലെന്ന പരാതി വേണ്ട. സാക്ഷരതാമിഷന്റെ പത്താംതരം - ഹയർസെക്കൻഡറി തുല്യതാ പഠനകേന്ദ്രം പൂജപ്പുര സെൻട്രൽ ജയിലിൽ തുറന്നു. നിരക്ഷരരില്ലാത്ത ജയിൽ എന്ന ലക്ഷ്യത്തോടെ സംസ്ഥാന സാക്ഷരതാമിഷൻ നടപ്പിലാക്കുന്ന 'ജയിൽ ജ്യോതി' പദ്ധതിയുടെ തുടർച്ചയാണിത്. സംസ്ഥാനത്ത് ആദ്യമായാണ് ജയിലിൽ സാക്ഷരാതമിഷൻ പഠന കേന്ദ്രം ആരംഭിക്കുന്നത്. പൂജപ്പുര സെൻട്രൽ ജയിലിലെ പഠനകേന്ദ്രം സാക്ഷരതാമിഷൻ ഡയറക്ടർ ഡോ.പി.എസ്.ശ്രീകല ഉദ്ഘാടനം ചെയ്തു. പാർശ്വവത്കരിക്കപ്പെട്ട മുഴുവൻ ജനവിഭാഗങ്ങളെയും മുഖ്യധാരയിലെത്തിക്കുന്നതിന്റെ ഭാഗമായാണ് ജയിലിൽ പഠനകേന്ദ്രം ആരംഭിച്ചതെന്ന് അവർ പറഞ്ഞു. കേവലം അക്ഷരങ്ങളിലൂടെയുള്ള സാക്ഷരതക്കുപരി ആരോഗ്യകരമായ സാമൂഹ്യജീവിതം നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുന്ന സാമൂഹ്യബോധവത്കരണ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായാണ് പഠനകേന്ദ്രം ആരംഭിച്ചതെന്ന് അവർ പറഞ്ഞു. മറ്റു ജയിലുകളിലും സാക്ഷരതാമിഷന്റെ പഠനകേന്ദ്രങ്ങൾ വ്യാപിപ്പിക്കുമെന്നും അവർ പറഞ്ഞു. സെൻട്രൽ ജയിലിൽ പത്താംതരം പരീക്ഷയെഴുതി വിജയിച്ച 8 പേർക്കുള്ള സർട്ടിഫിക്കറ്റുകളുടെ വിതരണവും ഡോ.പി.എസ്.ശ്രീകല നിർവഹിച്ചു. ദക്ഷിണമേഖല ജയിൽ ഡി.ഐജി ബി.പ്രദീപ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. പൂജപ്പുര സെൻട്രൽ ജയിൽ സൂപ്രണ്ട് എസ്.സന്തോഷ്, സാക്ഷരതാമിഷൻ ജില്ലാ കോ-ഓർഡിനേറ്റർ പ്രശാന്ത്കുമാർ തുടങ്ങിയവർ പങ്കെടുത്തു.

പൂജപ്പുര സെൻട്രൽ ജയിലിൽ പത്താംതരത്തിന് 19 പേരും ഹയർസെക്കൻഡറിക്ക് 10 പേരുമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

സംസ്ഥാനത്തെ വിവിധ ജയിലുകളിലായി സാക്ഷരതയ്ക്ക് 365 പേരും നാലാംതരത്തിന് 191 പേരും ഏഴാംതരത്തിൽ 98 പേരും നിലിവൽ പഠിച്ചുവരുന്നു. പത്താംതരത്തിന് 62 പേരും ഹയർ സെക്കൻഡറിക്ക് 31 പേരും പഠിതാക്കളായുണ്ട്. എല്ലാ വിഭാഗത്തിലും പൂജപ്പുര സെൻട്രൽ ജയിലിലാണ് ഏറ്റവും കൂടുതൽ പഠിതാക്കൾ ഉള്ളത്. ഇവിടെ സാക്ഷരത - 93, നാലാംതരം- 58, ഏഴാംതരം- 24, പത്താംതരം- 19, ഹയർ സെക്കൻഡറി- 10 എന്നിങ്ങനെയാണ് കണക്ക്.

ജയിൽ ജ്യോതി പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ വിവിധ ജയിലുകളിലായി നേരത്തെ 297 പേർ സാക്ഷരതാ പരീക്ഷയും 60 പേർ നാലാംതരം തുല്യതാപരീക്ഷയുമെഴുതിയിരുന്നു.

പബ്ലിക് റിലേഷൻസ് ഓഫീസർ